# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3543 — 22/08/2017-ൽ മറുപടിക്ക്

## ഫാർമസിസ്റ്റുകളുടെ നിയമനം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ഹൈബി ഈഡൻ** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| എ) സർക്കാർ ആശുപത്രികളിൽപോലും ഫാർമസി യോഗ്യതയില്ലാത്തവർ മരുന്ന് വിതരണം നടത്തുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഇല്ല. |
| ബി) മരുന്ന് വിതരണത്തിന് ഫാർമസിസ്റ്റിന് മാത്രമെ അധികാരമുള്ളുവെന്ന കേരള ഹൈക്കോടതി വിധി നിലവിലുള്ളപ്പോൾ അതിന് വിരുദ്ധമായ നടപടികൾ സ്വീകരിക്കുന്നുണ്ടോ; എങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ; | ബി) ഹൈക്കോടതി വിധിയ്ക്ക് വിരുദ്ധമായ നടപടികൾ സ്വീകരിക്കുന്നില്ല. |
| സി) ആർദ്രം പദ്ധതിയിൽ 14 ജില്ലകൾക്കുമായി എത്ര ഫാർമസിസ്റ്റുകളുടെ തസ്തികയാണ് സൃഷ്ടിച്ചത്; ഡോക്ടർമാർ, നേഴ്സുമാർ, ലാബ് ടെക്നീഷ്യൻ എന്നിവയിൽ എത്ര തസ്തികകൾ വീതം സൃഷ്ടിച്ചിട്ടുണ്ട് ; | സി) ആർദ്രം പദ്ധതിയുടെ ഭാഗമായി നിലവിൽ ഫാർമസിസ്റ്റുകളുടെ തസ്തിക സൃഷ്ടിക്കപ്പെട്ടിട്ടില്ല. ഇതു സംബന്ധിച്ച പ്രപ്പോസൽ പരിഗണനയിലാണ്. ആർദ്രം പദ്ധതിയിൽ തെരഞ്ഞെടുത്ത 170 PHC കളിൽ 170 ഡോക്ടർമാർ, 340 സ്റ്റാഫ് നഴ്സുമാർ, 170 ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകളും, താലൂക്ക്/ ജില്ലാ/ ജനറൽ ആശുപത്രികളിലായി 84 ലാബ് ടെക്നീഷ്യൻ 197 സ്റ്റാഫ് നഴ്സ് എന്നീ തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. |
| ഡി) ഫാർമസിസ്റ്റുകളുടെ തസ്തിക ജനസംഖ്യാനുപാതികമായി സൃഷ്ടിച്ച് നിലവിലുള്ള ഫാർമസിസ്റ്റ് ഗ്രേഡ് II (കാറ്റഗറി നമ്പർ 11/2015) ലിസ്റ്റിൽ നിന്നും നിയമനം നടത്തുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | ഡി) ആർദ്രം പദ്ധതിയുടെ ഭാഗമായി അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനായി സമർപ്പിക്കപ്പെട്ട പ്രപ്പോസലിൽ ഫാർമസിസ്റ്റുകളുടെ തസ്തികയും ഉൾപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ